പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 4450 — 17.05.2017 ൽ മറുപടിയ്ക്ക്

## കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഭക്ഷ്യ പൊതു വിതരണ മന്ത്രാലയം ആവിഷ്ക്കരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ ഭാഗമാണ് നെല്ല് സംഭരണ വിതരണ പദ്ധതി. ഈ പദ്ധതി പ്രകാരം കർഷകർ നെല്ല സംഭരണത്തിലെ പൊതു നിബന്ധനകൾക്ക് വിധേയമായി ഓൺലൈൻ ആയി രജിസ്ട്രേഷൻ നടത്തേണ്ടതും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുമ്പോൾ കർഷകർക്ക് രജിസ്ട്രേഷൻ ഐഡന്റിറ്റി നമ്പർ നൽകുന്നതുമാണ്. ഇങ്ങനെ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും നിർവ്വഹണ ഏജൻസിയായ സപ്ലൈകോയുമായി കരാർ ഒപ്പിട്ടിട്ടുള്ള മില്ലുകൾ മുഖാന്തിരം നെല്ല് സംഭരിക്കുന്നു. |
| (ബി) മില്ലുടമകളുടെ ചൂഷണം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) കർഷകരോ സ്ഥാപനങ്ങളോ പരാതി ഉന്നയിച്ചിട്ടില്ല. എങ്കിലും കൃത്യമായ പരിശോധന മില്ലുകളിൽ ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ